## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 413** **02.12.2014-ൽ മറുപടിയ്ക്ക്**

# സമ്പൂർണ്ണ വൈദ്യുതിവത്ക്കരണം - മിഷൻ 676

### ചോദ്യം

ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹിദ് :

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവത്ക്കരിക്കുവാൻ മിഷൻ 676-ൽ ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

### ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) (ബി) & (സി) മിഷൻ 676 പ്രകാരം 8.7 ലക്ഷം കണക്ഷനുകളാണ് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ആദ്യത്തെ 100 ദിനത്തിൽ 1ലക്ഷം കണക്ഷനും, 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,15,000 കണക്ഷനും, 201 മുതൽ 300 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും, 301 മുതൽ 400 വരെ ദിവസങ്ങളിൽ 1,35,000 കണക്ഷനും, 401 മുതൽ 500 വരെ ദിവസങ്ങളിൽ 1,30,000 കണക്ഷനും, 501 മുതൽ 600 വരെ ദിവസങ്ങളിൽ 1,31,000 കണക്ഷനും, 601 മുതൽ 676 വരെ ദിവസങ്ങളിൽ 1,29,000 കണക്ഷനുകളും നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആദ്യത്തെ 100 ദിനത്തിൽ 1,09,806 കണക്ഷനും 101 മുതൽ 200 വരെ ദിവസങ്ങളിൽ 1,03,899 കണക്ഷനും ഉൾപ്പെടെ ആകെ ഇതുവരെ 2,13,705 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവൽക്കരണം ലക്ഷ്യമിട്ട്, മിഷൻ 676-ൽ ഉൾപ്പെടുത്തി രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന (RGGVY) എന്ന കേന്ദ്ര പദ്ധതിയിൽ 200 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ഉദ്ദേശം. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വൈദ്യുതി കണക്ഷനുകളും നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ സമ്പൂർണ്ണ വൈദ്യുതികരണം 30-11-2014-നകം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മലബാറിലെ ആർ. ജി. ജി. വി. വൈ പദ്ധതിയുടെ പൂർത്തീകരണവും സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനവും 26-07-2014-ൽ കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞിയിൽ ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പു മന്ത്രി

യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയു ണ്ടായി.

(ഡി) ഇത് നടപ്പിലാക്കാൻ ഭരണതല ത്തിൽ എന്തെല്ലാം സംവിധാന ങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാ മാണ് ?

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ പുരോഗതി ഭരണതലത്തിൽ നിരീക്ഷിച്ചു വരുന്നു. ആർ. ജി. ജി. വി. വൈ പദ്ധതി നടപ്പാക്കുന്നതിന്റെ യും മലബാർ പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകര ണത്തിൻെറയും പുരോഗതി വിലയിരുത്തുന്നതി നായി ഊർജ്ജ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കെ. എസ്. ഇ. ബി. ലിമിറ്റഡ് ഉദ്യോഗസ്ഥരുടെ ഒരു യോഗം 21-07-2014-ൽ ചേരുകയും ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യ മായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ.**